പതിമൂന്നാം കേരള നിയമസഭ
പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 618    7.1.2014-ൽ മറുപടി നൽകേണ്ടിയിരുന്നത്

## സിമന്റിന്റേയും കമ്പിയുടേയും വില്പനയിലൂടെ ലഭിച്ച നികുതി

| | ചോദ്യം<br>ശ്രീ. എ. പ്രദീപ്കുമാർ | | ഉത്തരം<br>ശ്രീ. കെ.എം. മാണി<br>(ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പു മന്ത്രി) |
|---|---|---|---|
| എ | സിമന്റിന്റേയും കമ്പിയുടെയും വില്പനയിലൂടെ 2011-12, 2012-13 സാമ്പത്തിക വർഷങ്ങളിൽ ഓരോ വർഷവും ലഭിച്ച നികുതി സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കുമോ : | എ | സിമന്റിന്റെ 2011-12-ലെയും 2012-13-ലെയും ലഭിച്ച നികുതി വരുമാനം ചുവടെ ചേർക്കുന്നു.<br>2011-12 - 634.61 കോടി രൂപ<br>2012-13 - 802.90 കോടി രൂപ<br>കമ്പിവിൽപനയിലൂടെ ലഭിച്ച നികുതി 2011-12 ൽ 207.85 കോടി രൂപയും 2012-13 ൽ 297.61 കോടി രൂപയുമാണ്. |
| ബി | നികുതി വെട്ടിച്ചുകൊണ്ട് സംസ്ഥാനത്തിന് പുറത്തുനിന്ന് സിമന്റും കമ്പിയും കൊണ്ടുവരുന്നത് സംബന്ധിച്ച് ആക്ഷേപങ്ങളും വാർത്തകളും ഉണ്ടായിട്ടുണ്ടോ : | ബി | പ്രത്യേകം വാർത്തകളോ ആക്ഷേപങ്ങളോ ഒന്നും തന്നെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല |
| സി | പ്രസ്തുത കാലയളവിൽ വിലയിലും ഉപഭോഗത്തിലും ഉണ്ടായ വർദ്ധനയ്ക്കനുസൃതമായി നികുതിയിൽ വർദ്ധന ഉണ്ടായിട്ടുണ്ടോ : ഇല്ലെങ്കിൽ കാരണം പരിശോധിച്ചിട്ടുണ്ടോ : വിശദമാക്കുമോ : | സി | സിമന്റിന്റെ നികുതി വരുമാനത്തിൽ വർദ്ധന ഉണ്ടായിട്ടുണ്ട്(26.51 %).<br>കമ്പിയുടെ നികുതി വരുമാനത്തിൽ 43.18% വർദ്ധനവ് ഉണ്ടായിട്ടുണ്ട്. |
| ഡി | നടപ്പു സാമ്പത്തിക വർഷം സിമന്റ്, കമ്പി എന്നിവയുടെ നികുതി ഇനത്തിൽ പ്രതീക്ഷിച്ച വരുമാനം എത്ര തുകയായിരുന്നു: ലഭിച്ചതെത്ര : നടപ്പുവർഷത്തിന്റെ ആദ്യ പകുതിയിൽ പ്രതീക്ഷിച്ച നികുതിവരുമാനം എത്ര ;<br>ലഭിച്ചതെത്ര ? | ഡി | നടപ്പു സാമ്പത്തിക വർഷം സിമന്റ് നികുതിയിനത്തിൽ പ്രതീക്ഷിച്ച വരുമാനം 784 കോടി രൂപയായിരുന്നു. നടപ്പു സാമ്പത്തിക വർഷം 30.11.2013 വരെ ലഭിച്ച തുക 521.90 കോടി രൂപയാണ്. ആദ്യപകുതിയിൽ പ്രതീക്ഷിച്ച നികുതി വരുമാനം 387 കോടി രൂപയാണ്. ലഭിച്ച നികുതി വരുമാനം 408.81 കോടി രൂപയാണ്<br>കമ്പിയുടെ നികുതിയിനത്തിൽ പ്രതീക്ഷിച്ച വരുമാനം 357.63 കോടി രൂപ, നടപ്പുവർഷം ലഭിച്ചത് 211.74 കോടി രൂപ, ആദ്യ പകുതിയിൽ പ്രതീക്ഷിച്ച വരുമാനം 191.20 കോടി രൂപ ആദ്യ പകുതിയിൽ ലഭിച്ച വരുമാനം 149.99 കോടി രൂപ. |

സെക്ഷൻ ഓഫീസർ